# മലങ്കര ഓർത്തഡോക്സ്
# സുറിയാനി സഭ

## ഓർത്തഡോക്സ് ക്രൈസ്തവ
## യുവജനപ്രസ്ഥാനം

# ഭരണഘടന

# ഓർത്തഡോക്സ് ക്രൈസ്തവ
# യുവജനപ്രസ്ഥാനം
# ഭരണഘടന

**2020 ഒക്ടോബർ മാസം**
**1–ാം തീയതി സമ്മേളിച്ച**
**പരി. എപ്പിസ്കോപ്പൽ സുന്നഹദോസ്**
**അംഗീകരിച്ചത്**

പ്രസിദ്ധീകരണം

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം സെൻട്രൽ കമ്മിറ്റി

# ഒന്നാം ഭാഗം

## 1. പൊതുവായത്

### A. പേര് (Name)

**ഈ പ്രസ്ഥാനത്തിന്റെ പേര് പൗരസ്ത്യ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം (The Orthodox Christian Youth Movement of the East) എന്നായിരിക്കും. OCYM എന്ന ചുരുക്കപ്പേര് കൂടി ഉപയോഗിക്കാവുന്നതാണ്.**

### B. ഉദ്ദേശ്യം/ലക്ഷ്യം

**ആരാധന, പഠനം, സേവനം എന്നീ ലക്ഷ്യങ്ങളെ മുൻനിർത്തി യുവജനങ്ങളുടെ ആദ്ധ്യാത്മിക ജീവൻ പുഷ്ടിപ്പെടുത്തുകയും സഭയുടെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുക.**

**1. ആരാധന : സഭയുടെ ആരാധനാ മൂല്യങ്ങളെ മനസ്സിലാക്കുന്നതിനും ക്രമമായി ആരാധനയിലും വിശുദ്ധ കുർബ്ബാനാനുഭവത്തിലും വളരുന്നതിനും പ്രേരിപ്പിക്കുക.**

**2. പഠനം : കാതോലികവും അപ്പോസ്തോലികവുമായ വിശുദ്ധ സഭയുടെ പാരമ്പര്യങ്ങളും വിശ്വാസ സത്യങ്ങളും പ്രത്യേകിച്ച് വി. വേദപുസ്തകവും ദൈവശാസ്ത്രവും സഭാചരിത്രവും സാമൂഹ്യവും സാമ്പത്തികവുമായ ഇതരവിഷയങ്ങളും പഠിക്കുന്നതിനു സഹായിക്കുക.**

**3. സേവനം : ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളിലും സുവിശേഷവേലയിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും സാമൂഹ്യ രംഗങ്ങളിലും ക്രിസ്തീയ മൂല്യങ്ങൾക്കനുസരണമായി പ്രവർത്തിക്കുന്നതിനു യുവാക്കളെ സന്നദ്ധരാക്കുക.**

### C. പരമാധികാരി (PATRON)

**1934 ലെ ഭരണഘടന പ്രകാരം തെരഞ്ഞെടുക്കപ്പെട്ട്, പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൻമേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കാ ഈ പ്രസ്ഥാനത്തിന്റെ പരമാധികാരി ആയിരിക്കുന്നതാകുന്നു. പ്രസ്ഥാനം സംബന്ധിച്ചിട്ടുള്ള തർക്കങ്ങളുടെ അവസാന അപ്പീൽ അധികാരം പരമാധികാരിയിൽ നിക്ഷിപ്തമായിരിക്കുന്നതും അദ്ദേഹം ചെയ്യുന്ന തീരുമാനം അന്തിമമായിരിക്കുന്നതുമാകുന്നു.**

## D. വ്യാപ്തി

പൗരസ്ത്യ കാതോലിക്കായുടെ ഭരണ സീമയിലുള്ള എല്ലാ ഇടവകകളിലും ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനം ഉണ്ടായിരിക്കുന്നതാണ്.

## E. ചിഹ്നം

മേൽ സൂചിപ്പിച്ചിരിക്കുന്നത് പ്രസ്ഥാനത്തിന്റെ ഔദ്യോഗിക ചിഹ്നമായിരിക്കുന്നതാണ്. ടി ചിഹ്നത്തിന്റെ ഇടതുപകുതി മെറൂൺ നിറവും വലതുപകുതി മഞ്ഞനിറവും ആയിരിക്കും.

## F. പതാക

പ്രസ്ഥാനത്തിന് ഒരു അംഗീകൃത പതാക ഉണ്ടായിരിക്കേണ്ടതും അത് 3 അടി നീളവും 2 അടി വീതിയുമുള്ള മഞ്ഞ തുണിയിൽ ആയിരിക്കേണ്ടതും അതിന്റെ മദ്ധ്യഭാഗത്തായി പ്രസ്ഥാനത്തിന്റെ ചിഹ്നം മുദ്രണം ചെയ്തിരിക്കേണ്ടതും ആകുന്നു.

## G. ഓഫീസ്

പ്രസ്ഥാനത്തിന്റെ കേന്ദ്ര ഓഫീസ് കോട്ടയം പഴയ സെമിനാരിക്ക് സമീപമുള്ള സെന്റ് തോമസ് ഭവൻ ഓർത്തഡോക്സ് യൂത്ത് സെന്റർ ആകുന്നു.

## H. സാമ്പത്തിക വർഷം

പ്രസ്ഥാനത്തിന്റെ സാമ്പത്തിക വർഷം ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ ആയിരിക്കുന്നതാണ്.

# രണ്ടാം ഭാഗം
# II. അംഗത്വവും ഇടവക യൂണിറ്റുകളും

## A. അംഗത്വ വ്യവസ്ഥ

1. 15 വയസുമുതൽ 40 വയസുവരെയുള്ള യുവാക്കൾക്കും യുവതികൾക്കും അതാത് ഇടവകയിലെ പ്രസ്ഥാനം യൂണിറ്റിൽ

അംഗങ്ങളായിരിക്കാവുന്നതാണ്. 40 വയസിനുമേൽ പ്രായമുള്ള വർക്ക് പ്രസ്ഥാനത്തിന്റെ സ്നേഹിതർ (Senior Friends) ആയി തുടരാവുന്നതാണ്. എന്നാൽ അവർക്ക് ഭാരവാഹിത്വമോ വോട്ട വകാശമോ ഉണ്ടായിരിക്കുന്നതല്ല.

2. ബാഹ്യ കേരളാ മെത്രാസനങ്ങളിൽ പ്രസ്ഥാനാംഗങ്ങളുടെ പ്രായപരിധി 15 വയസുമുതൽ 45 വയസ് വരെ ആയിരി ക്കുന്നതാകുന്നു. 45ന് മേൽ പ്രായമുള്ളവർക്ക് പ്രസ്ഥാനത്തിന്റെ സ്നേഹിതർ (Senior Friends) ആയി തുടരാവുന്നതാണ്. എന്നാൽ അവർക്ക് ഭാരവാഹിത്വമോ വോട്ടവകാശമോ ഉണ്ടായിരിക്കു ന്നതല്ല.

3. ഒരാൾക്ക് ഒരു സമയം ഒന്നിലധികം യൂണിറ്റുകളിൽ അംഗ മായിരിക്കാവുന്നതല്ല.

4. കേന്ദ്രസമിതി നിശ്ചയിക്കുന്ന അംഗത്വ ഫീസും വാർഷിക വരി സംഖ്യയും ഓരോ അംഗവും നൽകിയിരിക്കേണ്ടതാകുന്നു.

5. ഓരോ അംഗവും വർഷത്തിൽ ഒരിക്കലെങ്കിലും വി. കുമ്പ സാരം നടത്തി വി. കുർബ്ബാന അനുഭവിച്ചിരിക്കേണ്ടതാകുന്നു.

6. അതാത് ഇടവക യൂണിറ്റുകളുടെ നിശ്ചയാനുസരണം മാസവരി ആദിയായ വരുമാനങ്ങൾ ഓരോ അംഗവും ക്രമമായി കൊടുക്കേണ്ടതാകുന്നു.

7. അംഗത്വ ഫീസും അതാത് ഇടവക യൂണിറ്റ് നിശ്ചയിക്കുന്ന ഇതര നിർബന്ധവരുമാനങ്ങളും തുടർച്ചയായി ആറുമാസക്കാലം കുടിശ്ശിക വരുത്തുന്നപക്ഷം അംഗത്വം താനേ നഷ്ടപ്പെടുന്ന താകുന്നു.

8. ക്രിസ്തീയ മൂല്യങ്ങളും പ്രസ്ഥാനത്തിന്റെ ആദർശങ്ങളേയും ധിക്കരിച്ച് നടക്കുന്നവരേയും, പ്രസ്ഥാന നിയമങ്ങൾ ലംഘി ക്കുന്നവരേയും യൂണിറ്റ് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് കൂടുന്ന യൂണിറ്റ് യോഗത്തിന്റെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോ ടുകൂടി അംഗത്വത്തിൽ നിന്നും നീക്കുന്നതിന് യൂണിറ്റ് പ്രസി ഡന്റിന് അധികാരം ഉണ്ടായിരിക്കുന്നതാകുന്നു. ഇത് സംബന്ധി ച്ചുള്ള അപ്പീൽ അതാത് ഇടവക മെത്രാപ്പോലീത്തായുടെ അടു ക്കൽ സമർപ്പിക്കാവുന്നതാകുന്നു. ഇടവക മെത്രാപ്പോലീത്താ യുടെ തീരുമാനം അന്തിമമായിരിക്കും.

9. മേൽപ്പറഞ്ഞപ്രകാരം അപ്പീൽ ഇല്ലാതെ അംഗത്വം നഷ്ട പ്പെടുന്ന ആളെ ഏതു കാരണത്താൽ അംഗത്വം നഷ്ടപ്പെട്ടുവോ

ആയതിനു പരിഹാരം വരുത്തിയശേഷം യൂണിറ്റ് കമ്മിറ്റിയുടെ ശുപാർശപ്രകാരം യൂണിറ്റ് പ്രസിഡന്റിന് തിരികെ ചേർക്കാവുന്ന താകുന്നു. എന്നാൽ അങ്ങനെ ചേർക്കപ്പെടുന്ന ആളിന് ആറ് മാസത്തേക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

## B. ഇടവക യൂണിറ്റുകൾ

1. ഓരോ ഇടവകയിലും അംഗസംഖ്യയേയും സൗകര്യത്തേയും ആസ്പദമാക്കി ഒന്നോ അതിലധികമോ യൂണിറ്റുകൾ ഇടവക വികാരിക്ക് സ്ഥാപിക്കാവുന്നതാണ്.

2. ഓരോ യൂണിറ്റും അതാത് കാലത്ത് കേന്ദ്രസമിതി നിശ്ച യിക്കുന്ന കാലയളവിൽ തുക അടച്ച് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യേ ണ്ടതാണ്. കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യുകയും കാലാകാലങ്ങളിൽ രജിസ്ട്രേഷൻ പുതുക്കുകയും ചെയ്യുന്ന യൂണിറ്റുകൾക്ക് മാത്രമേ ഔദ്യോഗിക സ്ഥാനമുണ്ടാകുകയുള്ളു. നിശ്ചിത അപേക്ഷാ ഫോറത്തിന്റെ രണ്ട് പ്രതികൾ പൂരിപ്പിച്ച് ഒരു പ്രതിയും രജിസ് ട്രേഷൻഫീസും പ്രസ്ഥാനം ജനറൽ സെക്രട്ടറിയുടെ പേർക്കും ഒരു പ്രതി മെത്രാസന പ്രസ്ഥാനം സെക്രട്ടറിയുടെ പേർക്കും യൂണിറ്റ് സെക്രട്ടറി ഏപ്രിൽ 1 ന് മുൻപ് കിട്ടത്തക്കവിധം അയച്ചുകൊടുക്കേ ണ്ടതാണ്.

3. വർഷം തോറും പ്രസ്തുത രജിസ്ട്രേഷൻ ഫീസ് അടച്ച് യൂണിറ്റ് രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. പുതുക്കുന്നതിനുള്ള ഫാറങ്ങൾ പൂരിപ്പിച്ച് ഒരു പ്രതി മെത്രാസന പ്രസ്ഥാനം സെക്രട്ടറിക്കും ഒരു പ്രതി ഫീസ് സഹിതം കേന്ദ്ര ജനറൽ സെക്രട്ടറിക്കും അയച്ചു കൊടുക്കേണ്ടതാണ്.

## C. യൂണിറ്റ് യോഗങ്ങൾ

1. ഇടവക യൂണിറ്റ് യോഗങ്ങൾ ആഴ്ചയിൽ ഒരു പ്രാവശ്യ മെങ്കിലും കൂടേണ്ടതാണ്.

2. പ്രസിഡന്റോ, പ്രസിഡന്റിന്റെ അനുമതിയോടുകൂടി സെക്രട്ട റിയോ യൂണിറ്റ് യോഗങ്ങളും വിശേഷാൽ യോഗങ്ങളും വിളിച്ചു കൂട്ടേണ്ടതാണ്.

3. അംഗങ്ങളിൽ മൂന്നിൽ ഒന്ന് ഭാഗം രേഖാമൂലം ആവശ്യപ്പെട്ടാൽ പ്രസിഡന്റ് യൂണിറ്റ് യോഗം വിളിച്ച് കൂട്ടേണ്ടതാണ്.

4. പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും അഭാവത്തിൽ പ്രസിഡന്റ് രേഖാമൂലം ചുമതലപ്പെടുത്തുന്ന ഒരാളുടെ അദ്ധ്യക്ഷത യിൽ യോഗം നടത്താവുന്നതാണ്.

5. ഇടവകതല യൂണിറ്റ് യോഗങ്ങൾക്ക് കോറം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ സാമ്പത്തിക ഇടപാടുകൾ സംബന്ധമായോ, തെരഞ്ഞെടുപ്പ് സംബന്ധമായോ തീരുമാനങ്ങൾ കൈക്കൊള്ളണമെങ്കിൽ യൂണിറ്റ് യോഗം സമ്മേളിക്കുന്നതിന് മുമ്പായി ഒരു ഞായറാഴ്ച്ചയെങ്കിലും പൊതുവിൽ അറിയിപ്പ് നൽകിയിരിക്കേണ്ടതാണ്.

6. തീരുമാനം വോട്ടുമൂലം നിശ്ചയിക്കേണ്ടിവന്നാൽ വോട്ടു തുല്യമാകുമ്പോൾ അദ്ധ്യക്ഷന് കാസ്റ്റിംഗ് വോട്ട് ഉണ്ടായിരിക്കുന്നതാണ്.

## D. ഭരണ സമിതി

1. ഇടവക വികാരി ഓരോ ഇടവക യൂണിറ്റിന്റേയും പ്രസിഡന്റായിരിക്കും.

2. പ്രസിഡന്റിനെ കൂടാതെ തെരഞ്ഞെടുക്കപ്പെടുന്ന വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറാർ, കമ്മറ്റി അംഗങ്ങൾ എന്നിവരടങ്ങുന്ന ഒരു ഭരണസമിതി ഉണ്ടായിരിക്കുന്നതാണ്.

3. കമ്മിറ്റിയുടെ സംഖ്യ അതാത് ഇടവക യൂണിറ്റ് യോഗം തീരുമാനിക്കേണ്ടതാണ്.

4. പുതിയ പ്രവർത്തന വർഷം ഏപ്രിൽ 1 മുതൽ ആരംഭിക്കുന്നതിനാൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ യൂണിറ്റ് യോഗം മാർച്ച് 31 ന് മുമ്പായി സമ്മേളിച്ച് പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടതാണ്. പ്രസ്തുത തെരഞ്ഞെടുപ്പ് യോഗം സംബന്ധിച്ച് യോഗത്തിന് മുമ്പ് ഒരു ഞായറാഴ്ചയെങ്കിലും വി.കുർബ്ബാനാനന്തരം പ്രസ്താവിക്കേണ്ടതാണ്. എന്നാൽ യൂണിറ്റ് വാർഷികയോഗം മറ്റ് ആത്മീയസംഘടനകളുമായി ചേർന്ന് സംയുക്തമായി മാർച്ച് മാസത്തിന് ശേഷം വരുന്ന മാസങ്ങളിൽ നടത്തുന്നുവെങ്കിൽ പ്രസ്തുത യോഗം നടത്തേണ്ടതും പ്രവർത്തന റിപ്പോർട്ടും മറ്റ് സംഗതികളും അവതരിപ്പിക്കേണ്ടതും സ്ഥാനമൊഴിഞ്ഞ ഭരണസമിതിയുടെയും സെക്രട്ടറിയുടെയും നേതൃത്വത്തിൽ ആയിരിക്കണം.

സാമ്പത്തിക വർഷം മാർച്ച് 31 ന് അവസാനിക്കുന്നതിനാൽ ഏപ്രിൽ 20-ാം തീയതിയ്ക്കുമുമ്പായി യൂണിറ്റ് യോഗം വിളിച്ച് ചേർത്ത് ഓഡിറ്റ് ചെയ്ത വരവ്-ചെലവ് കണക്കുകൾ തന്നാണ്ട് ഭരണ സമിതി അവതരിപ്പിച്ച് പാസാക്കേണ്ടതാണ്.

**5. ഭരണസമിതിയുടെ കാലാവധി ഒരു വർഷമാണെങ്കിലും അടുത്ത ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതുവരെ നിലവിലുള്ള ഭരണസമിതി ചുമതലയിൽ തുടരേണ്ടതാണ്. തുടർച്ചയായി 3 തവണയിൽ കൂടുതൽ ഒരേ ചുമതലയിൽ ഒരാൾ തുടരുവാൻ പാടുള്ളതല്ല.**

**6. കമ്മിറ്റി യോഗങ്ങൾ പ്രസിഡന്റോ, പ്രസിഡന്റിന്റെ അനുമതിയോടെ സെക്രട്ടറിയോ വിളിച്ചുകൂട്ടേണ്ടതാണ്.**

**7. കമ്മിറ്റിയുടെ മിനിട്സ്, പൊതുയോഗങ്ങളുടെ മിനിട്സ് എന്നിവ സെക്രട്ടറിയും വരവുചെലവുകണക്ക് ട്രഷറാറും എഴുതി സൂക്ഷിക്കേണ്ടതാണ്.**

**8. സെക്രട്ടറിയുടെ അഭാവത്തിൽ ജോയിൻറ് സെക്രട്ടറിക്ക് പ്രസിഡന്റിന്റെ അനുവാദത്തോടെ സെക്രട്ടറിയുടെ ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്.**

**9. ഇടവക യൂണിറ്റിന്റെ പേരിൽ യൂണിറ്റ് തീരുമാനിക്കുന്ന ബാങ്കിൽ അക്കൗണ്ട് തുടങ്ങാവുന്നതും ആയതു പ്രസിഡന്റും ട്രഷറാറും കൂടി ജോയിന്റായി ഓപ്പറേറ്റ് ചെയ്യേണ്ടതുമാണ്.**

## E. റിക്കാർഡുകൾ/രേഖകൾ

**ഓരോ യൂണിറ്റിന്റെയും മിനിട്ട്സ്, അംഗങ്ങളുടെ പേര് രജിസ്റ്റർ, ഹാജർ ബുക്ക്, ആവശ്യമായ മറ്റ് രേഖകൾ എന്നിവ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. സാമ്പത്തിക ഇടപാടുകൾ സംബന്ധമായ രേഖകൾ (receipts, voucher, bills, bank details, വരവ്-ചെലവ് കണക്കുകൾ) തുടങ്ങിയവ യൂണിറ്റ് ട്രഷറാർ സൂക്ഷിക്കേണ്ടതാണ്.**

## F. ഉപവകുപ്പുകൾ സംബന്ധിച്ച്

**ടി ഭരണഘടനയ്ക്ക് വിധേയമായി യൂണിറ്റ് പ്രവർത്തനങ്ങൾക്ക് സഹായകമാംവണ്ണം ഉപചട്ടങ്ങൾ ഉണ്ടാക്കി ഇടവക മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടുകൂടി നടപ്പിൽ വരുത്തുവാൻ യൂണിറ്റുകൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.**

## G. അപ്പീലുകൾ സംബന്ധിച്ച്

**1. ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് യൂണിറ്റ് തലത്തിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസങ്ങളോ തർക്കങ്ങളോ ഉണ്ടായാൽ ടി. ഭരണഘടനയ്ക്ക് വിധേയമായി തീരുമാനം**

ചെയ്യുന്നതിന് ഇടവക മെത്രാപ്പോലീത്തയ്ക്ക് അധികാരമുണ്ടാ യിരിക്കുന്നതാകുന്നു.

## മൂന്നാം ഭാഗം
## III. മെത്രാസന പ്രവർത്തനങ്ങൾ

### A. പൊതുവായത്

1. മെത്രാസന യുവജന പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് ഇടവക മെത്രാപ്പോലീത്താ ആയിരിക്കുന്നതാണ്.

2. അതാത് ഇടവക മെത്രാപ്പോലീത്തായാൽ നിയമിതനാകുന്ന മെത്രാസന യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ് (വൈദി കൻ), സെക്രട്ടറി (അത്മായൻ), ജോയിന്റ് സെക്രട്ടറി എന്നിവർ ഉ ണ്ടായിരിക്കുന്നതും അവരുടെ കാലാവധി മൂന്ന് വർഷം ആയി രിക്കുന്നതുമാണ്.

3. മെത്രാപ്പോലീത്തയ്ക്ക് ആവശ്യമെന്ന് തോന്നുന്ന പക്ഷം ഒന്നിലധികം ജോയിന്റ് സെക്രട്ടറിമാരെ നിയമിക്കാവുന്നതാണ്. എന്നാൽ മെത്രാസന മെത്രാപ്പോലീത്ത രേഖാമൂലം അറിയി ക്കുന്ന ഒരു ജോയിന്റ് സെക്രട്ടറിക്ക് മാത്രമേ സെൻട്രൽ അസം ബ്ലിയിൽ അംഗത്വമുണ്ടായിരിക്കുകയുള്ളു. ഒന്നിലധികം സെക്രട്ടറിമാർ അനുവദനീയമല്ല.

4. ഒന്നിലധികം ജോയിന്റ് സെക്രട്ടറിമാരെ നിയമിക്കുന്നപക്ഷം ഒരാൾ യുവതിയായിരിക്കേണ്ടതാകുന്നു.

### B. മെത്രാസന സെക്രട്ടറി

1. കേന്ദ്രവും മെത്രാസനവും തമ്മിലുള്ള ബന്ധം സംരക്ഷി ക്കുക, മെത്രാസനത്തിലെ സംഘടനാപരമായ പ്രവർത്തനങ്ങ ൾക്ക് നേതൃത്വം നൽകുക, മെത്രാസന ഓഫീസിന്റെ ചുമതല നിർവ്വഹിക്കുക, മെത്രാസന അസംബ്ലി, മെത്രാസന കമ്മിറ്റി എന്നിവയുടെ മിനിട്സുകൾ എഴുതി സൂക്ഷിക്കുക എന്നിവ മെത്രാസന യുവജനപ്രസ്ഥാനം സെക്രട്ടറിയുടെ ഉത്തരവാദിത്ത ങ്ങളായിരിക്കും.

2. വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറാർ ഇവരുടെ കാലാവധി 3 വർഷം ആയിരിക്കും.

## C. മെത്രാസന ട്രഷറാർ

1. മെത്രാസന യുവജന പ്രസ്ഥാനത്തിന് മെത്രാസന അസംബ്ലി തെരഞ്ഞെടുക്കുന്ന ഒരു ട്രഷറാർ ഉണ്ടായിരിക്കേണ്ടതാകുന്നു. മെത്രാസന യുവജനപ്രസ്ഥാനത്തിന്റെ ധനപരമായ ചുമതലകൾ ട്രഷറാറിൽ നിക്ഷിപ്തമായിരിക്കും. മെത്രാസന യുവജനപ്രസ്ഥാനത്തിന് ലഭിക്കുന്ന പണം മെത്രാപ്പോലീത്തായുടേയും ട്രഷറാറുടേയും പേരിൽ മെത്രാസന കമ്മിറ്റി നിശ്ചയിക്കുന്ന ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്.

2. ബഡ്ജറ്റും, വാർഷിക തിരട്ടും മെത്രാസന കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഓഡിറ്റ് ചെയ്ത വാർഷിക തിരട്ട് മെത്രാസന അസംബ്ലിയിൽ അവതരിപ്പിക്കുക എന്നിവ ട്രഷറാർ നിർവ്വഹിക്കേണ്ടതാണ്.

## C. മെത്രാസന ഓഡിറ്റർമാർ

മെത്രാസന ജനറൽ അസംബ്ലിയിൽ നിന്നും 2 ഓഡിറ്റർമാരെ തെരഞ്ഞെടുക്കേണ്ടതാണ്. ഇവരുടെ കാലാവധി മൂന്ന് വർഷമായിരിക്കും.

## D. ഡിസ്ട്രിക്ട് പ്രവർത്തനങ്ങൾ

മെത്രാസനത്തെ സൗകര്യപ്രദമാംവിധം വിവിധ ഡിസ്ട്രിക്ടുകളായി തിരിച്ച് ഓരോ ഡിസ്ട്രിക്ടിനും ഒരു വൈദീകനെ ഡിസ്ട്രിക്ട് പ്രസിഡന്റായും, ഒരു അത്മായനെ ഓർഗനൈസറായും മെത്രാപ്പോലീത്താ നിയമിക്കേണ്ടതാണ്. കാലാവധി മൂന്ന് വർഷമായിരിക്കും. ഡിസ്ട്രിക്ട് പ്രസിഡന്റിനെയും ഓർഗനൈസറെയും മാറ്റുന്നതിനും കാലാവധി നീട്ടി നൽകുന്നതിനും മെത്രാപ്പോലീത്തായ്ക്ക് അധികാരമുണ്ടായിരിക്കും. ഡിസ്ട്രിക്ട് ഭാരവാഹികളുടെ കാലാവധി 3 വർഷം ആയിരിക്കും.

## ഡിസ്ട്രിക്ട് പ്രസിഡന്റുമാർ

കേന്ദ്ര / മെത്രാസന ഭാരവാഹികളുടെ നിർദ്ദേശമനുസരിച്ച് ഡിസ്ട്രിക്ട് പ്രസിഡന്റുമാർ ഡിസ്ട്രിക്ട് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടുന്നതാണ്. ഡിസ്ട്രിക്ട് സമ്മേളനങ്ങളിൽ ഡിസ്ട്രിക്ട് പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

## ഡിസ്ട്രിക്ട് ഓർഗനൈസർമാർ

1. കേന്ദ്ര/മെത്രാസന ഭാരവാഹികളുടെ നിർദ്ദേശം അനുസരിച്ചും ഡിസ്ട്രിക്ട് പ്രസിഡന്റിന്റെ ആലോചനയോടും ഓർഗനൈസർമാർ പ്രവർത്തിക്കേണ്ടതും മൂന്ന് മാസത്തിലൊരിക്കൽ പള്ളികൾ / യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതും മൂന്ന് മാസത്തിലൊരിക്കൽ പ്രവർത്തന റിപ്പോർട്ട് ഇടവക മെത്രാപ്പോലീത്തായ്ക്കും യുവജന പ്രസ്ഥാന മെത്രാസന സെക്രട്ടറിക്കും അയച്ചുകൊടുക്കേണ്ടതുമാണ്.

2. മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഡിസ്ട്രിക്ട് സമ്മേളനങ്ങൾ മെത്രാസന ജനറൽ സെക്രട്ടറിയുടെ അറിവോടും ഡിസ്ട്രിക്ട് പ്രസിഡന്റിന്റെ ആലോചനയോടും ഓർഗനൈസർ വിളിച്ചുകൂട്ടേണ്ടതാണ്. പ്രസ്തുത യോഗത്തിൽ ഡിസ്ട്രിക്ട് പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കേണ്ടതുമാണ്.

## E. മേഖലാ പ്രവർത്തനങ്ങൾ

മെത്രാസന മെത്രാപ്പോലീത്തായ്ക്ക് ആവശ്യമെന്ന് തോന്നുന്ന പക്ഷം പ്രവർത്തന സൗകര്യത്തിനായി ഒന്നിലധികം ഡിസ്ട്രിക്ടുകളെ ചേർത്ത് മേഖലകൾ രൂപീകരിച്ച്, മെത്രാസന കമ്മിറ്റിയുടെ ശുപാർശയോടെ മേഖലാ സെക്രട്ടറിമാരെ നിയമിക്കാവുന്നതാണ്. അവരുടെ കാലാവധി മൂന്ന് വർഷമായിരിക്കും. മേഖലാ സെക്രട്ടറി മെത്രാസന കമ്മിറ്റിയിൽ അംഗമായിരിക്കുന്നതാണ്.

## F. മെത്രാസന ഭരണം

മെത്രാസന യുവജനപ്രസ്ഥാനത്തിന്റെ ഭരണം ഇടവക മെത്രാപ്പോലീത്തായ്ക്ക് വിധേയമായി മെത്രാസന ജനറൽ അസംബ്ലി, മെത്രാസന കമ്മിറ്റി എന്നിവയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

## G. മെത്രാസന അസംബ്ലി

1. മെത്രാസന അസംബ്ലിയിൽ താഴെപ്പറയുന്നവർ അംഗങ്ങളായിരിക്കും.

a. മെത്രാസന യുവജനപ്രസ്ഥാനം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ്സെക്രട്ടറിമാർ, ട്രഷറാർ, മേഖലാ സെക്രട്ടറിമാർ, ഡിസ്ട്രിക്ട് പ്രസിഡന്റുമാർ ഓർഗനൈസർന്മാർ.

**b.** മെത്രാസന യുവജന പ്രസ്ഥാന കമ്മിറ്റി അംഗങ്ങൾ

**c.** മെത്രാസനത്തിൽ നിന്നുമുള്ള കേന്ദ്ര അസംബ്ലി അംഗങ്ങൾ (രണ്ട് യുവാക്കളും, ഒരു യുവതിയും)

**d.** മുന്നാണ്ടിൽ (Previous Year) ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ കേന്ദ്രത്തിൽ രജിസ്ട്രർ ചെയ്ത ഓരോ യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന രണ്ടു പ്രതിനിധികൾ (ഒരു യുവാവും, ഒരു യുവതിയും)

2. മെത്രാസന അസംബ്ലി കൂടുന്നതിനു 30 ദിവസം മുമ്പേ അസംബ്ലിയിൽ പങ്കെടുക്കുവാൻ അർഹരായവരുടെ പേരുവിവരങ്ങളും, സ്ഥലവും സമയവും അജണ്ടായും മെത്രാസന കമ്മറ്റിയുടെ ആലോചനയോടും കൂടി നിശ്ചയിച്ച് പ്രസിഡന്റിന്റെ അനുമതിയോടുകൂടി മെത്രാസന യുവജനപ്രസ്ഥാനം സെക്രട്ടറി അംഗങ്ങൾക്ക് നോട്ടീസ് കൊടുക്കേണ്ടതാകുന്നു. മെത്രാസന അസംബ്ലി കൂടുന്നതിന് 20 ദിവസം മുമ്പ് പ്രാഥമിക വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതും 15 ദിവസം മുമ്പ് ഫൈനൽ വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാകുന്നു. പ്രാഥമിക ലിസ്റ്റിൽ നിയമാനുസൃത തിരുത്തലുകൾ ആവശ്യമായി വരുന്നുവെങ്കിൽ ഫൈനൽ വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് അത് ചെയ്തിരിക്കേണ്ടതാണ്.

3. മെത്രാസന അസംബ്ലി കേന്ദ്ര അസംബ്ലിയിലേക്ക് മൂന്നു പേരെ തെരഞ്ഞെടുക്കേണ്ടതും ഇവരിൽ ഒരാളെങ്കിലും യുവതി ആയിരിക്കേണ്ടതുമാണ്. എല്ലാവരുടേയും കാലാവധി മൂന്ന് വർഷമായിരിക്കും.

4. മെത്രാസന അസംബ്ലി മെത്രാസന കമ്മിറ്റിയിലേക്ക് ഓരോ ഡിസ്ട്രിക്റ്റിൽ നിന്നും ഒരു പ്രതിനിധിയെ വീതം തെരഞ്ഞെടുക്കേണ്ടതാണ് (യുവാവ്/യുവതി). എല്ലാവരുടേയും കാലാവധി മൂന്ന് വർഷമായിരിക്കും. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ അതാത് ഡിസ്ട്രിക്ട് ഓർഗനൈസർമാരെ പ്രവർത്തനങ്ങളിൽ സഹായിക്കേണ്ടതാണ്.

5. മെത്രാസന അസംബ്ലി, ഓഡിറ്റു ചെയ്ത വാർഷിക തെരട്ടും റിപ്പോർട്ടും പാസ്സാക്കേണ്ടതാകുന്നു.

6. മെത്രാസനത്തിന്റെ പൊതുപ്രവർത്തനങ്ങൾ ഇടവക മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടെ ആവിഷ്ക്കരിക്കേണ്ടതാകുന്നു.

## H. മെത്രാസന കമ്മിറ്റി

1. താഴെ പറയുന്നവർ മെത്രാസന കമ്മിറ്റി അംഗങ്ങളായിരിക്കുന്നതാണ്.

a. പ്രസിഡന്റ്
b. മെത്രാസന വൈസ് പ്രസിഡന്റ്
c. മെത്രാസന ജനറൽ സെക്രട്ടറി
d. മെത്രാസന ജോയിന്റ് സെക്രട്ടറിമാർ
e. മെത്രാസന ട്രഷറാർ
f. മെത്രാസനത്തിൽ നിന്നുമുള്ള കേന്ദ്ര
അസംബ്ലി അംഗങ്ങൾ
(രണ്ട് യുവാക്കളും, ഒരു യുവതിയും)
g. മേഖലാ സെക്രട്ടറിമാർ (ഉണ്ടെങ്കിൽ)
h. ഡിസ്ട്രിക്ട് പ്രസിഡന്റുമാർ, ഡിസ്ട്രിക്ട് ഓർഗനൈസറന്മാർ
i. ഓരോ ഡിസ്ട്രിക്ടിൽ നിന്നും മെത്രാസന അസംബ്ലി തെരഞ്ഞെടുക്കുന്ന ഓരോ പ്രതിനിധികൾ

k. അതാതു ഭദ്രാസനങ്ങളിൽ നിന്നുമുള്ള കേന്ദ്ര ഭാരവാഹികൾ (വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ, സോണൽ സെക്രട്ടറിമാർ)

2. മെത്രാസന കമ്മിറ്റിയോഗം ആവശ്യമെന്നു തോന്നുന്ന സന്ദർഭങ്ങളിൽ പ്രസിഡന്റിനോ, പ്രസിഡന്റിന്റെ അനുവാദത്തോടെ ജനറൽ സെക്രട്ടറിക്കോ വിളിച്ചുകൂട്ടാവുന്നതാണ്.

3. മെത്രാസന കമ്മറ്റിയുടെ കോറം മെത്രാസന കമ്മറ്റിയുടെ 51 % ആയിരിക്കേണ്ടതാണ്.

### ചുമതലകൾ

1. മെത്രാസനത്തിന്റെ പൊതുപ്രവർത്തനങ്ങൾ മെത്രാസന കമ്മിറ്റി കൂടി നിശ്ചയിക്കുകയും ഇടവക മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടുകൂടി നടപ്പിൽ വരുത്തുക.

2. മെത്രാസന അസംബ്ലി എടുത്ത തീരുമാനങ്ങൾ നടപ്പിൽ വരുത്തുക.

3. കേന്ദ്ര സമിതിയുടെ തീരുമാനങ്ങൾ നടപ്പാക്കുക.

4. ബജറ്റ് പാസ്സാക്കുക.

5. പുതിയ പദ്ധതികൾ ആവിഷ്കരിച്ച് അസംബ്ലിയുടെ അംഗീകാരത്തോടും മെത്രാപ്പോലീത്തായുടെ അനുവാദത്തോടും നടപ്പാക്കുക.

6. ഓഡിറ്റിന് മുമ്പും പിമ്പും വാർഷിക കണക്ക് കേൾക്കുക.

## I. കേന്ദ്രവുമായുള്ള ബന്ധം

1. മെത്രാസന പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ട് ഓരോ വർഷവും ഏപ്രിൽ 30 ന് മുൻപായി കേന്ദ്ര ജനറൽ സെക്രട്ടറിയുടെ പേർക്ക് മെത്രാസന യുവജനപ്രസ്ഥാനം സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാണ്.

2. ഓരോ വർഷവും മെയ് 30 ന് മുൻപായി മെത്രാസന കമ്മിറ്റി അംഗങ്ങളുടെ മേൽവിലാസം ജനറൽ സെക്രട്ടറിയുടെ പേർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

3. പ്രസ്ഥാനം മെത്രാസന സെക്രട്ടറിമാർ കേന്ദ്ര നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കേണ്ടതും കേന്ദ്ര ഭരണസമിതിയുടെ തീരുമാനങ്ങൾ മെത്രാസനത്തിൽ നടപ്പിൽ വരുത്തേണ്ടതുമാണ്.

4. മെത്രാസന യുവജനപ്രസ്ഥാനത്തിന്റെ നടത്തിപ്പ് സംബന്ധിച്ചുണ്ടാകുന്ന പരാതികൾ, ഇടവക മെത്രാപ്പോലീത്താ ഈ ഘടനയ്ക്ക് വിധേയമായി തീരുമാനം ചെയ്യുന്നതാണ്. പ്രസ്തുത തീരുമാനം അന്തിമമായിരിക്കും.

# നാലാം ഭാഗം
# കേന്ദ്ര പ്രവർത്തനങ്ങൾ

## A. പ്രസിഡന്റ്

1. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്സിന്റെ ശുപാർശയോടെ പരി.കാതോലിക്കാ ബാവാ നിയമിക്കുന്ന ഒരു മേൽപട്ടക്കാരൻ പ്രസ്ഥാനത്തിന്റെ പ്രസിഡന്റായിരിക്കുന്നതാകുന്നു.

### ചുമതലകൾ

a. ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം അസംബ്ലി, സെൻട്രൽ കമ്മിറ്റി, എക്സിക്യൂട്ടീവ് കമ്മിറ്റി, സോണൽ അസംബ്ലി യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുക.

**b.** യൂണിറ്റ്, ഡിസ്ട്രിക്ട്, ഭദ്രാസന, മേഖല, സോണൽ തലങ്ങളിൽ സംജാതമാകുന്ന വ്യവഹാരങ്ങൾ, ഭദ്രാസന മെത്രാപ്പോലീത്ത ശുപാർശചെയ്യുന്ന പക്ഷം പഠിച്ച് തീർപ്പ് കൽപ്പിക്കുക.

**c.** അനുയോജ്യനായ ജനറൽ സെക്രട്ടറിയെ കണ്ടെത്തി നിയമനത്തിനായി പരിശുദ്ധ ബാവാ തിരുമേനിക്ക് ശുപാർശ സമർപ്പിക്കുക.

**d.** സെൻട്രൽ കമ്മിറ്റിയംഗങ്ങളുടെ രാജി സംബന്ധിച്ച് തീർപ്പ് കൽപ്പിക്കുക.

**e.** കേന്ദ്ര കമ്മിറ്റിയിലേക്ക് കേന്ദ്ര അസംബ്ലിയിൽ നിന്നും 5 പേരെ നോമിനേറ്റു ചെയ്യുക. (മൂന്ന് യുവാക്കന്മാരും രണ്ട് യുവതികളും)

**f.** പ്രസ്ഥാനം പ്രസിദ്ധീകരണത്തിന്റെ ചീഫ് എഡിറ്റർ, പബ്ലിഷർ എന്നിവരെ നിയമിക്കുക.

**g.** സമിതികളുടെ തീരുമാനങ്ങൾ വോട്ടിംഗിലൂടെ നിർണ്ണയിക്കേണ്ടി വരുമ്പോൾ വോട്ടുകൾ തുല്യമാകുന്ന സാഹചര്യത്തിൽ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുക.

**h.** കേരളത്തിന് അകത്തും പുറത്തുമുള്ള വിവിധ സോണുകളുടെ പ്രസിഡന്റായി പ്രവർത്തിക്കുക.

## B. വൈസ് പ്രസിഡന്റ്

1. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം അസംബ്ലിയിൽ വച്ച് തെരഞ്ഞെടുക്കപ്പെടുന്ന 40 വയസു തികയാത്ത (ബാഹ്യ കേരള ഭദ്രാസനങ്ങളിൽ നിന്ന് 45 വയസ് തികയാത്ത) ഒരു പട്ടക്കാരൻ പ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡന്റായിരിക്കേണ്ടതാകുന്നു.

2. വൈസ് പ്രസിഡന്റിന്റെ കാലാവധി മൂന്ന് വർഷം ആയിരിക്കും.

3. ഒരാളിനെ തുടർച്ചയായി രണ്ടു പ്രാവിശ്യത്തിലധികം വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കാൻ പാടില്ലാത്തതാകുന്നു.

### ചുമതലകൾ

**a.** പ്രസിഡന്റിന്റെ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ രേഖാമൂലമായ അനുവാദത്തോടെ ജനറൽ അസംബ്ലി, കേന്ദ്ര കമ്മിറ്റി,

എക്സിക്യൂട്ടീവ് കമ്മിറ്റി, സോണൽ അസംബ്ലി എന്നീ യോഗങ്ങളിൽ അദ്ധ്യക്ഷനായിരിക്കുക.

## C. ജനറൽ സെക്രട്ടറി

1. പ്രസ്ഥാനം പ്രസിഡന്റിന്റെ ശുപാർശപ്രകാരം പരി. കാതോലിക്കാ ബാവാ നിയമിക്കുന്ന 40 വയസ്സിൽ കവിയാത്ത ഒരാൾ പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയായിരിക്കുന്നതാണ്. പ്രസ്തുത നിയമനത്തിന്റെ കാലാവധി മൂന്നു വർഷമായിരിക്കും.

2. പ്രസ്ഥാനം പ്രസിഡന്റിനു ആവശ്യമെന്നു കണ്ടാൽ ജനറൽ സെക്രട്ടറിയെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് പരി. കാതോലിക്കാ ബാവായോട് അപേക്ഷിക്കാവുന്നതാണ്.

## ചുമതലകൾ

a. ജനറൽ സെക്രട്ടറി, അസംബ്ലിയുടെയും സെൻട്രൽ കമ്മിറ്റിയുടേയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും സെക്രട്ടറി ആയിരിക്കുന്നതാണ്.

b. ജനറൽ സെക്രട്ടറി, പ്രസിഡന്റിന്റേയും സെൻട്രൽ കമ്മിറ്റിയുടേയും നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുകയും സംഘടനാപരമായ കാര്യങ്ങളിൽ ശ്രദ്ധിക്കുകയും വേണം.

c. പ്രസിഡന്റിന്റെ അനുവാദത്തോടുകൂടി ഭരണ സമിതികൾ വിളിച്ചു കൂട്ടുകയും അസംബ്ലിയുടേയും കമ്മിറ്റികളുടേയും മിനിട്സ് എഴുതി സൂക്ഷിക്കുകയും ഓഫീസ് ചുമതലകൾ നിർവഹിക്കുകയും വേണം.

d. ബാക്കി പത്രം (balance sheet), മുതൽ (assets), കടം (liability), ബഡ്ജറ്റ് മുതലായവ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും സെൻട്രൽ കമ്മിറ്റിയിലും കേന്ദ്ര അസംബ്ലിയിലും അവതരിപ്പിക്കുകയും, ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും സെൻട്രൽ കമ്മിറ്റിയിലും കേന്ദ്ര അസംബ്ലിയിലും അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയും പരിശുദ്ധ സുന്നഹദോസിന് സമർപ്പിക്കുകയും ചെയ്യുന്നതിന് ട്രഷറാറെ സഹായിക്കേണ്ടതാകുന്നു.

e. പ്രസ്ഥാനം വക സ്ഥാവര ജംഗമ സ്വത്തുക്കൾ സെക്രട്ടറിയുടെ സൂക്ഷിപ്പിൽ ഇരിക്കേണ്ടതാണ്.

## D. കേന്ദ്ര ട്രഷറർ

1. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ അസംബ്ലി തെരഞ്ഞെടുക്കുന്ന 40 വയസ്സിൽ തികയാത്ത ഒരു അൽമായ ട്രഷറർ (ബാഹ്യ കേരള ഭദ്രാസനങ്ങളിൽ നിന്ന് 45 വയസ് തികയാത്ത) പ്രസ്ഥാനത്തിന് ഉണ്ടായിരിക്കേണ്ടതാണ്.

2. ട്രഷറാറുടെ കാലാവധി 3 വർഷമായിരിക്കും.

3. ഒരാളിനെ തുടർച്ചയായി രണ്ടുപ്രാവിശ്യത്തിലധികം ട്രഷറാറായി തെരഞ്ഞെടുക്കാൻ പാടില്ലാത്തതാകുന്നു.

### ചുമതലകൾ

a. പ്രസ്ഥാനം ജനറൽ സെക്രട്ടറിയുടെ ആലോചനയോടെ ബാക്കി പത്രം (balance sheet), മുതൽ (assets), കടം (liability), ബഡ്ജറ്റ് മുതലായവ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും സെൻട്രൽ കമ്മിറ്റിയിലും കേന്ദ്ര അസംബ്ലിയിലും അവതരിപ്പിക്കുകയും, ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും സെൻട്രൽ കമ്മിറ്റിയിലും കേന്ദ്ര അസംബ്ലിയിലും അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയും പരിശുദ്ധ സുന്നഹദോസിന് സമർപ്പിക്കേണ്ടതുമാകുന്നു.

b. പ്രസ്ഥാനത്തിന് ലഭിക്കുന്ന പണം പ്രസിഡന്റിന്റേയും, ട്രഷറാറുടേയും പേരിൽ സെൻട്രൽ കമ്മിറ്റി നിശ്ചയിക്കുന്ന ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്.

c. 5000 രൂപാ വരെയുള്ള തുക ട്രഷറാർക്ക് അനുദിന ചെലവിനായി കൈവശം വയ്ക്കാവുന്നതാണ്.

## E. കേന്ദ്ര ഭരണം

പ്രസ്ഥാനത്തിന്റെ കേന്ദ്രഭരണം പ്രസിഡന്റിന്റെ നിയന്ത്രണത്തിന് വിധേയമായി ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം അസംബ്ലി (Orthodox Christian Youth Movement Assembly), പ്രസ്ഥാനത്തിന്റെ സെൻട്രൽ കമ്മിറ്റി (Central Committee) എക്സിക്യൂട്ടീവ് കമ്മിറ്റി (Executive Committee) എന്നിവയിൽ നിക്ഷിപ്തമായിരിക്കുന്നതാകുന്നു.

## F. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം അസംബ്ലി

1. കേന്ദ്ര അസംബ്ലിയിൽ താഴെപ്പറയുന്നവർ അംഗങ്ങളായിരിക്കും.

a. പ്രസ്ഥാനം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറാർ

b. സോണൽ സെക്രട്ടറിമാർ

c. മെത്രാസന യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ഒരു ജോയിന്റ് സെക്രട്ടറി, ട്രഷറാർ

d. സ്ഥാനം ഒഴിയുന്ന വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറാർ

e. പ്രസ്ഥാനം പ്രസിദ്ധീകരണങ്ങളുടെ ചീഫ് എഡിറ്റർ, പബ്ളിഷർ, അസംബ്ലിയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട രണ്ട് പത്രാധിപ സമിതിയംഗങ്ങൾ

f. ഓരോ മെത്രാസനത്തിൽ നിന്നും കേന്ദ്ര അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മൂന്ന് അംഗങ്ങൾ (രണ്ട് യുവാക്കളും, ഒരു യുവതിയും)

2. ജൂൺ 30 ന് മുമ്പ് അസംബ്ലി സമ്മേളിച്ച് വാർഷിക കണക്ക് പാസ്സാക്കി പരിശുദ്ധ സുന്നഹദോസിന് സമർപ്പിക്കേണ്ടതാകുന്നു.

3. കാലാവധി പൂർത്തിയായെങ്കിലും പുതിയ അസംബ്ലി കൂടി സെൻട്രൽ കമ്മിറ്റിയെ തെരഞ്ഞെടുക്കുവാൻ കാലതാമസ്സമുണ്ടായാൽ നിലവിലുള്ള അസംബ്ലിയും സെൻട്രൽ കമ്മിറ്റിയും തുടരേണ്ടതാകുന്നു.

4. സെൻട്രൽ കമ്മിറ്റിയെ തെരഞ്ഞെടുക്കുന്ന അസംബ്ലി യോഗത്തിന് 30 ദിവസം മുമ്പ് സ്ഥലവും സമയവും അജണ്ടായും നിശ്ചയിച്ച് പ്രസിഡന്റിന്റെ അനുമതിയോടുകൂടി യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി അംഗങ്ങൾക്ക് നോട്ടീസ് കൊടുക്കേണ്ടതാകുന്നു. കേന്ദ്ര അസംബ്ലി കൂടുന്നതിന് 20 ദിവസം മുമ്പ് പ്രാഥമിക വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതും 15 ദിവസം മുമ്പ് ഫൈനൽ വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാകുന്നു. പ്രാഥമിക ലിസ്റ്റിൽ നിയമാനുസൃത തിരുത്തലുകൾ ആവശ്യമായി വരുന്നുവെങ്കിൽ ഫൈനൽ വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് അത് ചെയ്തിരിക്കേണ്ടതാണ്.

5. പ്രവർത്തന വർഷം ഏപ്രിൽ മാസം 1-ാം തീയതി ആയിരിക്കുന്നതിനാൽ മാർച്ച് മാസം 31 ന് മുമ്പായി അസംബ്ലി കൂടി വൈസ് പ്രസിഡന്റ്, ട്രഷറാർ, സെൻട്രൽ കമ്മിറ്റിയിലേക്ക് ഏഴ് അംഗങ്ങൾ, രണ്ട് ഓഡിറ്റേഴ്സ്, പത്രാധിപ സമിതിയിലേക്കുള്ള

രണ്ട് അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുക്കേണ്ടതാണ്. എല്ലാവരുടേയും കാലാവധി മൂന്ന് വർഷമായിരിക്കും.

## G. സെൻട്രൽ കമ്മിറ്റി

1. സെൻട്രൽ കമ്മറ്റിയിൽ താഴെപ്പറയുന്നവർ അംഗങ്ങളായിരിക്കും.

   a. പ്രസിഡന്റ്
   b. വൈസ് പ്രസിഡന്റ്
   c. ജനറൽ സെക്രട്ടറി
   d. ട്രഷറാർ
   e. സോണൽ സെക്രട്ടറിമാർ
   f. മെത്രാസന സെക്രട്ടറിമാർ
   g. പത്രാധിപ സമിതി അംഗങ്ങൾ (ചീഫ് എഡിറ്റർ, പബ്ളീഷർ, തെരഞ്ഞെടുക്കപ്പെട്ട രണ്ട് അംഗങ്ങൾ)
   h. കേന്ദ്ര അസംബ്ലിയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഏഴ് അംഗങ്ങൾ (നാല് യുവാക്കളും, മൂന്ന് യുവതികളും)
   i. കേന്ദ്ര അസംബ്ലിയിൽ നിന്നും പ്രസിഡന്റ് നോമിനേറ്റ് ചെയ്യുന്ന അഞ്ച് അംഗങ്ങൾ (മൂന്ന് യുവാക്കളും രണ്ട് യുവതികളും)

## ചുമതലകൾ

1. കേന്ദ്ര അസംബ്ലിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുക, പ്രസ്ഥാനത്തിന്റെ പുരോഗതിക്കാവശ്യമായ കാര്യങ്ങൾ പഠിച്ച് അസംബ്ലിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങുക എന്നിവകൾ സെൻട്രൽ കമ്മറ്റിയുടെ ഉത്തരവാദിത്തം ആയിരിക്കും.

2. ഏപ്രിൽ 1 മുതൽ സാമ്പത്തിക വർഷം ആരംഭിക്കുന്നതാകയാൽ ജനുവരി 15 മുമ്പ് ബജറ്റ് പാസ്സാക്കി പരിശുദ്ധ സുന്നഹദോസിന് സമർപ്പിക്കുക. പുതുവർഷത്തേക്കുള്ള ചിന്താ വിഷയം, പ്രവർത്തനരേഖ രൂപപ്പെടുത്തുക എന്നിവ സെൻട്രൽ കമ്മിറ്റിയുടെ ഉത്തരവാദിത്തം ആയിരിക്കും.

3. സെൻട്രൽ കമ്മിറ്റിയുടെ യോഗങ്ങൾക്ക് 10 ദിവസം മുമ്പ് നോട്ടീസ് നൽകേണ്ടതും കോറം 15 ആയിരിക്കേണ്ടതും

ആകുന്നു. കോറം തികയാത്തതിനാൽ യോഗം നടക്കാതെ വന്നാൽ നിയമപ്രകാരം നോട്ടീസ് കൊടുത്ത് കൂടുന്ന അടുത്ത യോഗത്തിൽ കോറം നോക്കേണ്ടതില്ല. തീരുമാനങ്ങൾ ഭൂരിപക്ഷ പ്രകാരം ആയിരിക്കേണ്ടതും ആവശ്യം വന്നാൽ വോട്ടുമൂലം നിർണ്ണയിക്കേണ്ടതും വോട്ടുകൾ തുല്യമാകുമ്പോൾ പ്രസിഡന്റിന് കാസ്റ്റിംഗ് വോട്ട് ഉണ്ടായിരിക്കുന്നതുമാകുന്നു.

4. ആണ്ടിൽ മൂന്ന് പ്രാവശ്യമെങ്കിലും സെൻട്രൽ കമ്മിറ്റി കൂടിയിരിക്കേണ്ടതാകുന്നു. പ്രസിഡന്റോ പ്രസിഡന്റിന്റെ അനുവാദത്തോടുകൂടി ജനറൽ സെക്രട്ടറിയോ കമ്മിറ്റി വിളിച്ചുകൂട്ടേണ്ടതാണ്. അംഗങ്ങളിൽ മൂന്നിൽ ഒന്ന് ഭാഗം രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം ജനറൽ സെക്രട്ടറി കമ്മിറ്റി വിളിച്ചു കൂട്ടേണ്ടതാണ്.

5. പ്രസിഡന്റിന്റേയും വൈസ് പ്രസിഡന്റിന്റേയും അഭാവത്തിൽ പ്രസിഡന്റ് രേഖാമൂലം നിയോഗിക്കുന്ന ഒരാളിന്റെ അദ്ധ്യക്ഷതയിൽ കമ്മിറ്റി കൂടാവുന്നതാണ്.

6. കേന്ദ്ര കമ്മിറ്റി അംഗങ്ങളിൽ ആരെങ്കിലും തക്കകാരണം കൂടാതെ തുടർച്ചയായി മൂന്ന് യോഗങ്ങളിൽ സംബന്ധിക്കാതിരുന്നാൽ അവരെ ആ സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്. അപ്രകാരം നീക്കം ചെയ്യുന്ന അംഗങ്ങളെ നീക്കിയ വിവരം രേഖാമൂലം അറിയിച്ചിരിക്കേണ്ടതാകുന്നു. ഒഴിവ് വരുന്ന സ്ഥാനത്തേക്ക് കേന്ദ്ര അസംബ്ലി കൂടി തെരഞ്ഞെടുപ്പ് നടത്തേണ്ടതും അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരുടെ കാലാവധി നിലവിൽ തെരഞ്ഞെടുക്കപ്പെടുന്നവരുടെ കാലാവധിയോടൊപ്പം അവസാനിക്കുന്നതുമാകുന്നു.

7. മെത്രാസന പ്രാതിനിദ്ധ്യം കൂടാതെ കേന്ദ്ര കമ്മിറ്റിയിൽ ഒഴിവുകൾ വന്നാൽ കേന്ദ്ര അസംബ്ലിയിൽ നിന്നും പ്രസിഡന്റ് മെത്രാപ്പോലീത്താ ഒഴിവുകൾ നികത്തേണ്ടതാണ്.

8. കേന്ദ്ര അസംബ്ലിക്ക് മുൻപ് സെൻട്രൽ കമ്മിറ്റി കൂടി വാർഷിക കണക്കുകൾ കേൾക്കേണ്ടതും, അസംബ്ലിയുടെ സ്ഥലം, തീയതി, സമയം, അജണ്ട എന്നിവ തീരുമാനിക്കേണ്ടതുമാണ്.

9. യുവജനപ്രസ്ഥാനം കേന്ദ്ര തെരഞ്ഞെടുപ്പ് അസംബ്ലി കൂടുന്ന വർഷം തന്നെ മെത്രാസന അസംബ്ലി വിളിച്ചുകൂട്ടി കേന്ദ്ര അസംബ്ലിയിലേക്ക് മൂന്നുപേരെ തെരഞ്ഞെടുക്കേണ്ടതാണ്. ഈ തെര

ഞ്ഞെടുപ്പ് മെയ് 30 ന് മുൻപ് നടത്തി കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

10. എക്സിക്യൂട്ടീവിലേക്ക് അഞ്ച് അംഗങ്ങളെ തെരഞ്ഞെടുക്കുക (ഒരാളെങ്കിലും യുവതിയായിരിക്കണം)

## H. എക്സിക്യൂട്ടീവ് കമ്മിറ്റി

1. പ്രസ്ഥാനത്തിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറാർ, സോണൽ സെക്രട്ടറിമാർ, സെൻട്രൽ കമ്മിറ്റിയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്. കമ്മിറ്റിയുടെ കാലാവധി മൂന്ന് വർഷം ആയിരിക്കും.

2. പ്രസ്ഥാനത്തിന് അടിയന്തിര പ്രാധാന്യമെന്ന് തോന്നുന്ന വിഷയങ്ങൾ ചർച്ച ചെയ്ത് സെൻട്രൽ കമ്മിറ്റിയുടേയും കേന്ദ്ര അസംബ്ലിയുടേയും അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് നടപ്പിലാക്കുക.

3. വാർഷിക തിരട്ട് ഓഡിറ്റിംഗിന് മുമ്പും പിമ്പും കേൾക്കുക.

## I. ഓഡിറ്റർ

1. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയിക്കുന്ന ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് പ്രസ്ഥാനത്തിന്റെ എക്സ്റ്റേണൽ ഓഡിറ്റർ ആയിരിക്കും.

2. കേന്ദ്ര അംസബ്ലിയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങൾ പ്രസ്ഥാനത്തിന്റെ ഇന്റേണൽ ഓഡിറ്റേഴ്സ് ആയിരിക്കും. ഇവരുടെ കാലാവധി 3 വർഷമായിരിക്കും. ഇവർ കേന്ദ്ര തലത്തിൽ മറ്റ് ഔദ്യോഗിക ചുമതലകൾ ഈ കാലയളവിൽ സ്വീകരിക്കാൻ പാടുള്ളതല്ല.

3. ട്രഷറാർ ഔദ്യോഗിക സമിതികളിൽ അവതരിപ്പിക്കുന്ന വരവു ചെലവ് കണക്കുകൾ ആദ്യം ഇന്റേണൽ ഓഡിറ്റേഴ്സ് പരിശോധിക്കേണ്ടതും തുടർന്ന് ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്യേണ്ടതുമാകുന്നു.

4. ഓഡിറ്റ് റിപ്പോർട്ട് ജനറൽ അസംബ്ലിയിലും, സെൻട്രൽ കമ്മിറ്റിയിലും, എക്സിക്യൂട്ടീവ് കമ്മിറ്റിയിലും സമർപ്പിക്കേണ്ടതാണ്.

## അഞ്ചാം ഭാഗം
## സോണൽ സെക്രട്ടറിമാർ

A. കേരളത്തിനുള്ളിലുള്ള ഭദ്രാസനങ്ങളെ 7 സോണുകളായി തിരിക്കുന്നു.

1. തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര-പുനലൂർ
2. അടൂർ-കടമ്പനാട്, തുമ്പമൺ, നിലയ്ക്കൽ
3. മാവേലിക്കര, ചെങ്ങന്നൂർ, നിരണം
4. കോട്ടയം, കോട്ടയം സെൻട്രൽ, ഇടുക്കി
5. കണ്ടനാട് ഈസ്റ്റ്, കണ്ടനാട് വെസ്റ്റ്, അങ്കമാലി
6. കൊച്ചി, തൃശൂർ, കുന്നംകുളം
7. മലബാർ, സുൽത്താൻ ബത്തേരി, ബ്രഹ്മവാർ

B. Outside Kerala Zone

C. Gulf Zone

D. US-Canada Zone

E. Asia-Pacific Zone

F. UK Zone

G. Europe Zone

H. Africa Zone

1. കേന്ദ്ര യുവജനപ്രസ്ഥാനം പ്രസിഡന്റ് മെത്രാപ്പോലീത്താ സോണൽ പ്രസിഡന്റ് കൂടിയായിരിക്കുന്നതാണ്.

2. ഓരോ സോണിനും ഓരോ സോണൽ സെക്രട്ടറി ഉണ്ടായിരിക്കേതാണ്. സോണൽ സെക്രട്ടറിയുടെ കാലാവധി മൂന്ന് വർഷമായിരിക്കും.

3. സോൺ സംബന്ധിച്ചുള്ള ചുമതലകൾ പ്രസിഡന്റിന്റെ അനു മതിയോടുകൂടി സോണൽ സെക്രട്ടറി നിർവ്വഹിക്കേണ്ടതാകുന്നു.

4. നിർദ്ദിഷ്ട സോണിൽ ഉൾപ്പെടുന്ന ഭദ്രാസനങ്ങളിൽ ഒരു ഭദ്രാസനത്തിന് ഒരു ടേം എന്ന നിലയിൽ റോട്ടാ അടി സ്ഥാനത്തിൽ ഒരു അൽമായനെ സോണൽ അസംബ്ലി ചേർന്ന് സോണൽ സെക്രട്ടറി സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത്, അംഗീ കരണത്തിനും നിയമനത്തിനുമായി പ്രസിഡന്റിന് സമർപ്പിക്കേ ണ്ടതും പ്രസിഡന്റ് പ്രസ്തുത ശുപാർശ സ്വീകരിച്ച് നിയമി ക്കുന്നപക്ഷം പ്രാബല്യത്തിൽ വരുന്നതുമാണ്.

5. കേന്ദ്ര വൈസ് പ്രസിഡന്റ്, കേന്ദ്ര ജനറൽ സെക്രട്ടറി, കേന്ദ്ര ട്രഷറാർ എന്നിവർ സോണൽ കമ്മിറ്റിയിൽ പ്രത്യേക ക്ഷണിതാ ക്കളായിരിക്കുന്നതാണ്.

സോണൽ അസംബ്ലി (കേരളത്തിലുള്ള സോണുകൾക്ക് മാത്രം ബാധകം)

1. അംഗങ്ങൾ

a. കേന്ദ്ര പ്രസിഡന്റ്, കേന്ദ്ര വൈസ് പ്രസിഡന്റ്, കേന്ദ്ര ജനറൽ സെക്രട്ടറി, കേന്ദ്ര ട്രഷറാർ, സോണൽ സെക്രട്ടറി.

b. നിർദ്ദിഷ്ട സോണുകളുടെ കീഴിൽ വരുന്ന മെത്രാസന വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ട റിമാർ, ട്രഷറാർ, മേഖലാ സെക്രട്ടറിമാർ, ഡിസ്ട്രിക്ട് പ്രസിഡ ന്റുമാർ ഓർഗ നൈസറന്മാർ, ഓരോ ഡിസ്ട്രിക്ടിൽ നിന്നും മെത്രാസന അസംബ്ലി തെരഞ്ഞെടുക്കുന്ന ഓരോ പ്രതി നിധികൾ.

c. മുന്നാണ്ടിൽ (Previous Year) ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ കേന്ദ്രത്തിൽ രജിസ്ട്രർ ചെയ്ത ഓരോ യൂണിറ്റിൽ നിന്നും തെരഞ്ഞെടുക്ക പ്പെടുന്ന 2 പ്രതിനിധികൾ (ഒരു യുവാവും, ഒരു യുവതിയും)

2. ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിനു 30 ദിവസം മുമ്പ് സ്ഥലവും സമയവും അജണ്ടായും നിശ്ചയിച്ച് പ്രസിഡന്റിന്റെ അനു മതിയോടുകൂടി സോണൽ സെക്രട്ടറി അംഗങ്ങൾക്ക് നോട്ടീസ് കൊടുക്കേണ്ടതാകുന്നു. സോണൽ അസംബ്ലി കൂടു ന്നതിന് 20 ദിവസം മുമ്പ് പ്രാഥമിക വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതും 15 ദിവസം മുമ്പ് ഫൈനൽ വോട്ടേഴ്സ്

ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാകുന്നു. പ്രാഥമിക ലിസ്റ്റിൽ നിയമാനുസൃത തിരുത്തലുകൾ ആവശ്യമായി വരുന്നുവെങ്കിൽ ഫൈനൽ വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് അത് ചെയ്തിരിക്കേണ്ടതാണ്. വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ട തും 15 ദിവസം മുമ്പ് സ്ഥലവും സമയവും അജണ്ടയും നിശ്ചയിച്ച് പ്രസിഡന്റിന്റെ അനുമതിയോടുകൂടി സോണൽ യുവജന പ്രസ്ഥാനം സെക്രട്ടറി അംഗങ്ങൾക്ക് നോട്ടീസ് കൊടുക്കേണ്ട താകുന്നു.

3. കാലാവധി പൂർത്തിയായെങ്കിലും പുതിയ അംസബ്ലി കൂടി സോണൽ സെക്രട്ടറിയെ തെരഞ്ഞെടുക്കുവാൻ കാലതാമസ്സമു ണ്ടാ യാൽ നിലവിലുള്ള അസംബ്ലിയും സോണൽ സെക്രട്ടറിയും തുടരേണ്ടതാകുന്നു.

**ബാഹ്യകേരള സോൺ** - കേരളത്തിനുവെളിയിൽ ഇൻഡ്യ യിലുള്ള ഭദ്രാസനങ്ങൾക്കായി 45 വയസ്സു തികയാത്ത ഒരു സോണൽ സെക്രട്ടറിയെ പ്രസിഡന്റ് നിയമിക്കേണ്ടതാകുന്നു. കാലാവധി 3 വർഷമായിരിക്കും.

**ഗൾഫ് സോൺ (Gulf Zone)** - ഗൾഫ് റീജിയണിലുള്ള യൂണിറ്റുകൾ ചേരുന്നതാണ് ഗൾഫ് സോൺ.

1. ഗൾഫ് സോണിൽ വാർഷിക സോണൽ കോൺഫറൻസ് നടക്കുന്ന യൂണിറ്റിൽ നിന്നായിരിക്കും സോണൽ സെക്രട്ടറിയെ തെരഞ്ഞെടുക്കുക. ആയതിന് നിർദ്ദിഷ്ട യൂണിറ്റിന്റെ യോഗം മാത്രം ചേർന്നാൽ മതിയാകും. എന്നാൽ യോഗം, തീയതി എന്നിവ സംബന്ധിച്ച് പ്രസ്ഥാനം പ്രസിഡന്റ്, വൈസ് പ്രസി ഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറാർ, നിലവിലുള്ള സോണൽ സെക്രട്ടറി എന്നിവരെ അറിയിച്ചിരിക്കേണ്ടതാണ്. നാമനിർദ്ദേശം സ്വീകരിച്ച് നിയമനം നടത്തിയ വിവരം പ്രസിഡന്റ് സോണിലെ എല്ലാ യൂണിറ്റുകളേയും അറിയിക്കുന്നതാണ്.

2. ഗൾഫ് സോൺ കമ്മിറ്റിയിൽ, സോണിൽ ഉൾപ്പെട്ട എല്ലാ യൂണിറ്റ് പ്രസിഡന്റുമാർ, സോണൽ സെക്രട്ടറി, യൂണിറ്റ് സെക്ര ട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായിരിക്കേ ണ്ടതാണ്.

3. സോൺ കമ്മിറ്റിയിൽ കേന്ദ്ര വൈസ് പ്രസിഡന്റ്, കേന്ദ്ര ജനറൽ സെക്രട്ടറി, കേന്ദ്ര ട്രഷറാർ എന്നിവർ അംഗങ്ങ ളായിരിക്കും.

**4. യൂ.കെ-യൂറോപ്പ്-ആഫ്രിക്ക, ഏഷ്യ-പസഫിക്ക് എന്നീ 4 സോണുകൾക്ക് പ്രസിഡന്റുമാരായി വൈദീകരെ അതത് മെത്രാസന മെത്രാപ്പോലീത്താമാർ നിയമിക്കേണ്ടതാണ്. അതത് സോണുകളിലെ ഭരണസമിതിയെ ഈ ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായും മെത്രാസന മെത്രാപ്പോലീത്താ നൽകുന്ന നിർദ്ദേശ പ്രകാരവും തെരഞ്ഞെടുക്കേണ്ടതാണ്.**

**5. യൂ.എസ്., കാനഡ നോർത്ത്-ഈസ്റ്റ് അമേരിക്ക, സൗത്ത്-വെസ്റ്റ് അമേരിക്ക എന്നീ മെത്രാസനങ്ങളിലെ മെത്രാപ്പോലീത്താമാർ യുവജന പ്രസ്ഥാനം കേന്ദ്ര പ്രസിഡന്റ് മെത്രാപ്പോലീത്തായുടെ ആലോചനയോടുകൂടി സോണുകൾ രൂപീകരിച്ച് പ്രസിഡന്റുമാരായി വൈദീകരെയും ഭരണസമിതിയെയും ഈ ഭരണഘടനാ വ്യവസ്ഥകൾ വിധേയമായി നിയമിക്കേണ്ടതാണ്.**

# ആറാം ഭാഗം
## യുവതികളുടെ ഭാരവാഹിത്വം സംബന്ധിച്ച്

### A. യൂണിറ്റ് തലം

**1. യൂണിറ്റിലെ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നീ ചുമതലകളിൽ ഒരെണ്ണം യുവതികൾ വഹിക്കേണ്ടതാണ്.**

**2. യൂണിറ്റ് കമ്മിറ്റികളിൽ അർഹമായ പ്രാതിനിധ്യം (യുവതികളുടെ അംഗസംഖ്യ അനുസരിച്ച്) നൽകേണ്ടതാണ്.**

### B. മെത്രാസന തലം

**1. മെത്രാസന ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നീ സ്ഥാനങ്ങളിലേക്ക് യുവതികളേയും നിയമിക്കാവുന്നതാണ്.**

**2. ഒന്നിലധികം ജോയിന്റ് സെക്രട്ടറിമാരെ നിയമിക്കുന്ന പക്ഷം ഒരാൾ യുവതി ആയിരിക്കേണ്ടതാണ്.**

### C. കേന്ദ്ര അസംബ്ലിയിലേക്കുള്ള അംഗങ്ങൾ

**1. കേന്ദ്ര അസംബ്ലിയിലേക്ക് മൂന്നു പേരെ തെരഞ്ഞെടുക്കേണ്ടതും അതിൽ ഒരാൾ എങ്കിലും യുവതി ആയിരിക്കേണ്ടതാണ്.**

## D. കേന്ദ്ര കമ്മിറ്റി

1. കേന്ദ്ര അസംബ്ലിയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 7 അംഗങ്ങളിൽ 3 പേരെങ്കിലും യുവതികളായിരിക്കണം.
2. കേന്ദ്ര അസംബ്ലിയിൽ പ്രസിഡന്റ് നോമിനേറ്റ് ചെയ്യുന്ന 5 അംഗങ്ങളിൽ 2 പേരെങ്കിലും യുവതികളായിരിക്കണം.

## E. കേന്ദ്ര എക്സിക്യൂട്ടീവ്

1. കേന്ദ്ര എക്സിക്യൂട്ടീവിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് അംഗങ്ങളിൽ ഒരാൾ എങ്കിലും യുവതിയായിരിക്കണം.

# ഏഴാം ഭാഗം
## ഭരണഘടന ഭേദഗതി സംബന്ധിച്ച്

1. ഈ ഭരണഘടനയിലെ ഏതെങ്കിലും വകുപ്പുകൾക്ക് ഭേദഗതികൾ വരുത്തണമെങ്കിൽ പ്രസ്തുത ഭേദഗതികൾ പ്രസ്ഥാനം അസംബ്ലി പാസാക്കി പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന് സമർപ്പിക്കേണ്ടതാണ്.

2. ഈ ഭരണഘടനയിൽ അസംബ്ലിയുടെ അപേക്ഷ പരിഗണിച്ചോ അല്ലാതെയോ ഏതെങ്കിലും വകുപ്പുകൾ നീക്കം ചെയ്യുന്നതിനോ കൂട്ടിച്ചേർക്കുന്നതിനോ ഉചിതമായ ഭേദഗതികൾ വരുത്തുന്നതിനോ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന് മാത്രം അധികാരമുള്ളതാകുന്നു.

## പലവക

1. ഈ ഭരണഘടനയിൽ നിർവ്വഹിച്ചിരിക്കുന്ന മെത്രാസന/കേന്ദ്ര സമിതികളിൽ പങ്കെടുക്കുന്നതിന് 3 ൽ കൂടാതെ അംഗങ്ങളെ പ്രത്യേക ക്ഷണിതാക്കളായി മെത്രാസന/കേന്ദ്ര പ്രസിഡന്റുമാർക്ക് അനുവദിക്കാവുന്നതാണ്. എന്നാൽ ഇവർക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

കേന്ദ്ര ഓഫീസ്

സെന്റ് തോമസ് ഭവൻ
ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയസെമിനാരി റോഡ്
ചുങ്കം, കോട്ടയം –1

Sreyas arts & graphics
Owned by Diocese of Adoor-Kadampanadu
Mob: +91 8907998415